**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **16-09-2025 - ൽ മറുപടിയ്ക്ക്**

**എംപവർമെന്റ് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരെ ഏകീകരിച്ചതിനു ശേഷം വനിതാ ബി.ഡി.ഒ.മാർക്ക് ലഭിച്ചിരുന്ന ജില്ലാതല പ്രൊമോഷൻ തസ്തികകളായ ഡി.ഡബ്ല്യൂ.ഡബ്ല്യൂ.ഒ./എ.പി.ഒ. (ഡബ്ല്യൂ.ഡി.) തസ്തികകൾ എംപവർമെന്റ് ഓഫീസർ എന്ന പേരിൽ സീനിയർ ബി.ഡി.ഒ. റാങ്കിലേക്ക് തരംതാഴ്ത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 27.10.2022ലെ സ.ഉ (പി) നം. 74/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ജില്ലാ വനിതാ ക്ഷേമ ഓഫീസർ, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാ വികസനം) എന്നീ തസ്തികകൾ ജില്ലാ എംപവർമെന്റ് ഓഫീസർ എന്ന് പുനഃനാമകരണം ചെയ്യുകയും സീനിയർ സെക്രട്ടറി LSGI യ്ക്ക് തുല്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ തസ്തികകളുടെ തരംതാഴ്ത്തൽ, പ്രത്യേക നിയമത്തിൽ (Special Rules) പറഞ്ഞിട്ടുള്ള ജീവനക്കാരുടെ അർഹമായ പ്രൊമോഷൻ അവസരങ്ങൾ സംരക്ഷിക്കണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | മുൻപ് നിലവിലുണ്ടായിരുന്ന ഗ്രാമ വികസന വകുപ്പിന്റെ, 16.02.2011ലെ സ.ഉ (പി) നം. 44/2011/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്ന സ്പെഷ്യൽ റൂളിൽ ജില്ലാ വനിതാ ക്ഷേമ ഓഫീസർ, അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (വനിതാ വികസനം) എന്നീ തസ്തികകളുടെ നിയമന രീതി പ്രതിപാദിച്ചിരുന്നു. എന്നാൽ ആയതിലുള്ള അനോമലി പരിഹരിക്കുന്നതിനായാണ് 27.10.2022ലെ സ.ഉ (പി) നം. 74/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ടി തസ്തികകൾ സീനിയർ സെക്രട്ടറി കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | എംപവർമെന്റ് ഓഫീസർ തസ്തികയെ പ്രൊമോഷൻ തസ്തികയായി പുനഃസ്ഥാപിക്കണമെന്ന ഗ്രീവൻസ് കമ്മിറ്റി ശിപാർശ നടപ്പിലാക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ടോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പരാതിപരിഹാര സെല്ലിന്റെ 25.01.2024 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് മാത്രമെ സർക്കാരിൽ ലഭ്യമായിട്ടുള്ളൂ. എംപവർമെന്റ് ഓഫീസർ തസ്തികയെ പ്രൊമോഷൻ തസ്തികയായി പുനഃസ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | എംപവർമെന്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ്; ഇവ നികത്താൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തികയിൽ നിലവിൽ 7 ഒഴിവുകളാണ് ഉള്ളത്. ടി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ